പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2808 27.01.2014-ൽ മറുപടിയ്ക്ക്

മൂന്നാർ, മറയൂർ എന്നിവിടങ്ങളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ)	മൂന്നാർ, മറയൂർ എന്നിവിടങ്ങളിൽ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും വേണ്ടി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;	(എ) (ബി) & (സി)	മൂന്നാറിൽ ആൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ദേവികുളം ഗവൺമെന്റ് തമിഴ് മീഡിയം ഹയർസെക്കന്ററി സ്കൂൾ ഉടമസ്ഥതയിലുള്ള 1 1/2 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം കൈമാറിക്കിട്ടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറയൂരിൽ ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഗവ. ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥലസൗകര്യം ലഭ്യമല്ലായെന്ന് വിദ്യാഭ്യാസ വകുപ്പ് അധികൃതർ അറിയിച്ചതിനെത്തുടർന്ന് സ്ഥലം ലഭ്യമാക്കാൻ കഴിയുമോയെന്ന് അറിയിക്കാൻ മറയൂർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
(ബി)	എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;		
(സി)	ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?		

Salim. K.J

സെക്ഷൻ ആഫീസർ